"ഭരണഭാഷ-മാതൃഭാഷ"

No.DWCD/1854/2023-ICDSB5

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 02-08-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ

തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർ മാർക്കും

എല്ലാ ശിശുവികസന പദ്ധതി ഓഫീസർ മാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷ - അൺഫിറ്റ് ആയ കെട്ടിടങ്ങളിൽ നിന്നും മാറുന്നത് സംബന്ധിച്ച്:-

സൂചന:-
1. ഈ കാര്യാലയത്തിലെ 30/5/23 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
2. പത്രവാർത്ത

അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷയുമായി ബന്ധപെട്ട് ഈ കാര്യാലയത്തിൽ നിന്നും മേൽ സൂചന (1) പരിപത്ര പ്രകാരം വ്യക്തമായ നിർദേശങ്ങൾ നൽകിയിരുന്നു . അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് 15/6/2023 തീയതിക്കുമുൻപായി ലഭ്യമാക്കുന്നതിനു നിർദേശം നൽകിയിരുന്നെങ്കിലും ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടി പ്രവർത്തിക്കുന്നതായും അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ് സംബന്ധിച്ച് സൂചന (2) പത്രവാർത്തയും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കുട്ടികളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ യാതൊരു വിധത്തിലുള്ള വിട്ടുവിഴ്ചയും ഉണ്ടാകാൻ പാടില്ല എന്നതിനാൽ അടിയന്തിരമായി അൺഫിറ്റ് ആയ അങ്കണവാടി കേന്ദ്രങ്ങളുടെ പ്രവർത്തനം,സുരക്ഷിതമായ കേന്ദ്രങ്ങളിലേക്ക് മാറുന്നതിനു നിർദേശം നൽകേണ്ടതും , അൺഫിറ്റ് ആയ കെട്ടിടത്തിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നില്ല എന്ന് പ്രോഗ്രാം ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതും സുരക്ഷിതമല്ലാത്ത കെട്ടിടത്തിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നില്ല എന്ന സാക്ഷ്യപത്രം wcdicdsb5@gmail.com ഇമെയിൽ വിലാസത്തിൽ 5/8/23 തീയതിക്കുള്ളിൽ ലഭ്യമാക്കേണ്ടതുമാണ് . കുട്ടികളുടെ സുരക്ഷയെ ബാധിക്കുന്ന വിഷയമായതിനാൽ, താങ്കൾ ഇക്കാര്യത്തിൽ വ്യക്തിപരമായ ശ്രദ്ധ ചെലുത്തത്തെണ്ടാതാണെന്നും നിർദേശിക്കുന്നു .

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

Signed by Priyanka G
Date: 02-08-2023 18:43:47